- സാമ്പത്തിക വർഷത്തിൽ താങ്കളുടെ സ്ഥാപനത്തിൽ നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളുടെ AS, PS, Expenditure, Physical Achievement വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി http://admissions.dtekerala.gov.in/dis/ എന്ന് വെബ് ലിങ്ക് ഉപയോഗിക്കേണ്ടതാണ്.
- ഇതിനായി Username, password എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യുക. സ്ക്രീനിൻറെ മുകൾഭാഗത്ത് വലതുവശത്ത് താങ്കളുടെ സ്ഥാപനത്തിൻറെ പേര് വിവരം ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ശേഷം **Plan Expenditure Entry** എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക. സ്ക്രീനിൻറെ മുകൾഭാഗത്ത് വലതുവശത്ത് റിപ്പോർട്ടിംഗ് മാസം കാണാൻ സാധിക്കും. സ്ക്രീനിൽ കാണുന്ന **നിർദ്ദേശങ്ങൾ** പാലിച്ചുകൊണ്ട് തുക വിവരം രേഖപ്പെടുത്തുക.
- സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മാസത്തിൻറെ തുടക്കം മുതൽ റിപ്പോർട്ടിംഗ് മാസത്തിൻറെ അവസാനം വരെയുള്ള ആകെ AS, PS, Expenditure വിവരങ്ങൾ രേഖപ്പെടുത്തുക. മുൻവർഷങ്ങളിൽ ലഭിച്ച ഉത്തരവുകളുടെ AS, PS തുക വിവരം ആയതിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.
- ഇതിനോടൊപ്പം പദ്ധതികളുടെ റിപ്പോർട്ടിംഗ് മാസത്തിലെ മാത്രം ഭൌതിക നേട്ടം/പുരോഗതി – Physical Achievements വിവരം സംക്ഷിപ്തമായി രേഖപ്പെടുത്തുക.
- ***ലിസ്റ്റിൽപ്പെട്ട എല്ലാ പദ്ധതികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.*** താങ്കളുടെ സ്ഥാപനത്തിന് ബാധകമല്ലാത്ത/ നടപ്പിലാക്കാത്ത പദ്ധതിയുടെ കാര്യത്തിൽ യഥാസ്ഥാനത്ത് '0' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
- തുക വിവരം രേഖപ്പെടുത്തിയതിനു ശേഷം **Save** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. ഇപ്പോൾ നിങ്ങൾ രേഖപ്പെടുത്തിയ സ്കീമുകളുടെ തുക വിവരം സ്ക്രീനിൻറെ താഴ്ഭാഗത്ത് കാണാൻ സാധിക്കുന്നതാണ്.
- ഒരിക്കൽ **Save** ചെയ്ത സ്കീമിൻറെ വിവരം തിരുത്തുന്നതിനായി **Edit** എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്.
- **Plan Expenditure Report - Inst** എന്ന ഓപ്ഷൻ തിരഞ്ഞെടുത്താൻ താങ്കൾ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ excel ഫോർമാറ്റിൽ ഡൌൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്നതുമാണ്.